## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4121 25.06.2014-ൽ മറുപടിക്ക്

### ജലസമ്പാദ്യം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.ലൂഡി ലൂയിസ് | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ മഴവെള്ള സംഭരണത്തിനും ജലമലിനീകരണം തടയുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ജലസമ്പാദ്യം പദ്ധതിയിൽ ഉൾ പ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ; | എ മഴവെള്ള സംഭരണത്തിനും ജല മലിനീകരണം തടയുന്നതിനുമുള്ള വിവിധ മാർഗ്ഗങ്ങളുടെയും സാങ്കേതിക വിദ്യകളുടെയും വിശദാംശങ്ങൾ അടങ്ങിയ ലഘു ലേഖകൾ തയ്യാറാക്കി ദേശീയ സമ്പാദ്യ പദ്ധതിയിലെ മഹിളാ പ്രധാൻ ഏജന്റുമാർ മുഖേന സംസ്ഥാനത്തെ എൺപത് ലക്ഷം ഭവനങ്ങളും സന്ദർശിച്ച് പ്രചരണം നടത്തുവാനാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. |
| ബി പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ? | ബി ജലസമ്പാദ്യ പദ്ധതി നടപ്പിലാക്കുന്നതിനായി ദേശീയ സമ്പാദ്യ പദ്ധതിയുടെ ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ കോ- ഓർഡിനേറ്റർമാർ, അസി. കോ-ഓർഡി നേറ്റർമാർ, എക്സ്റ്റൻഷൻ ഓഫീസർമാർ, മഹിളാ പ്രധാൻ ഏജന്റുമാർ എന്നിവർക്ക് മേഖല, ജില്ല, ബ്ലോക്ക് തലങ്ങളിൽ വിദഗ്ധ പരിശീലനം നൽകുകയും ജലസംരക്ഷണ വിഷയങ്ങൾ ഉൾ പ്പെട്ട ലഘുലേഖ തയ്യാറാക്കി വീടുകൾ തോറും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ